LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സി.ബി.ഐ. അന്വേഷണം നടത്തുന്ന കേസുകളിന്മേൽ വാദികളുടേയും പ്രതികളുടേയും വിവരങ്ങൾ തേടുന്നതും ശേഖരിക്കുന്നതും സി.ബി.ഐ. തന്നെയാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സി.ബി.ഐ. അന്വേഷണത്തിന് ആവശ്യമായ സഹായം നൽകി വരുന്നുണ്ട്.

കസ്റ്റഡിയിലെടുത്ത മണൽ വാഹനങ്ങൾ

130 (7693) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എം. ഷാജി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മണൽ കടത്തുകാരിൽനിന്നും മണലോടെ പിടിച്ചെടുത്ത വാഹനങ്ങൾ വർഷങ്ങളായി മണലോടെതന്നെ റോഡുവക്കുകളിലും സ്റ്റേഷൻ പരിസരങ്ങളിലും കിടന്നു നശിക്കുന്നതിന് ഉത്തരവാദികൾ ആരെന്ന് കണ്ടെത്തി നടപടി സ്വീകരിക്കുമോ ?

ഉത്തരം

മണൽ കടത്തുകാരിൽനിന്നും മണലോടെ പിടിച്ചെടുക്കുന്ന വാഹനങ്ങൾ 'സീഷർ മഹസർ' സഹിതമുള്ള റിപ്പോർട്ട് ആർ.ഡി.ഒ.യ്ക്ക് നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് റവന്യൂ വകുപ്പിൽ നിന്നുമാണ്. പ്രസ്തുത വാഹനങ്ങൾ ഉടമസ്ഥർക്ക് തിരിച്ച് നൽകുവാനായി വ്യവസ്ഥകൾ അനുസരിച്ച് വാഹനവിലയുടെ 30% അടയ്ക്കുവാനോ, ബാങ്ക് ഗ്യാരണ്ടി നൽകുവാനോ ആവശ്യപ്പെടാറുണ്ട്. എന്നാൽ, വാഹന ഉടമകൾ ടി തുക അടച്ച് വാഹനം കൈപ്പറ്റാതിരിക്കുമ്പോഴാണ് സ്റ്റേഷൻ പരിസരത്ത് സൂക്ഷിക്കേണ്ടതായ സാഹചര്യം ഉണ്ടാകുന്നത്.

അനധികൃതമായി മണൽ, മദ്യം എന്നിവ കടത്തുന്നതിന് ഉപയോഗിച്ചവാഹനങ്ങൾ

131 (7694) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനധികൃതമായി മണൽ, മദ്യം എന്നിവ കടത്തുന്നതിന് എത്ര വാഹനങ്ങൾ കാസർഗോഡ് ജില്ലയിൽ കസ്റ്റഡിയിൽ ഉണ്ടെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

(ബി) കേസ് നടപടികൾ പൂർത്തീകരിച്ച എത്ര വാഹനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;